(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു സമിതിയില്ല.

(ഡി&ഇ) വില്ലേജ് ഓഫീസറുടേയും കൃഷി ഓഫീസറുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ ഭൂമി പൊന്നും വിലകൊടുക്കൽ നിയമം

106(4737) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ ഭൂമി പൊന്നും വിലകൊടുക്കൽ നിയമം നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വെക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) നിലവിൽ നടപടികൾ പുരോഗമിച്ച കേസുകൾ നിർത്തിവെച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ തദനുസൃതമായ ചട്ടങ്ങൾ എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാലഹരണപ്പെട്ട കേസ്സുകൾ ഒഴികെ പൊന്നുംവില നടപടികൾ നിർത്തിവച്ചിട്ടില്ല.

(സി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ (നമ്പർ 2890 വാല്യം 3) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. ടി തീയതിയ്ക്കുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly